The Travancore-Cochin Irrigation Bill—(*Contd.*)

Clause 15.

SHRI P. R. MADHAVAN PILLAI: Sir, I move:

In clause 15, sub clause (3), for the words "Rs.10 per acre", at the end of (a), substitute "6 pies per cent", and for the words "Rs. 6 per acre" at the end of (b) and (c), and "Rs. 5 per acre" at the end of (d), substitute the words "3 pies per cent of land".

സർ, ഞാൻ ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്, കരഭൂമികളെ ഇരുപ്പുനിലങ്ങളാക്കി മാറ്റുന്ന ഭൂമികൾക്കു് ഏക്കറിനു് 10 രൂപ വീതം വെള്ളക്കരം കൊടുക്കണമെന്നുള്ളതിനു പകരം 3 രൂപ 2 അണ വീതം ഏക്കറിനു കൊടുക്കണമെന്നും, കരഭൂമികൾ ഒരുപ്പു നിലങ്ങളാക്കി മാറ്റുമ്പോഴും ഒരുപ്പു നിലങ്ങളെ ഇരുപ്പു നിലങ്ങളാക്കുമ്പോഴും ഏക്കറിനു 6 രൂപ എന്നുള്ളതു് 1 രൂപ 9 അണ എന്നാക്കണമെന്നും, മറ്റെല്ലാ നിലങ്ങൾക്കും ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന 5 രൂപ എന്ന റേറ്റു് മാറ്റി സെന്റിനു 3 പൈ എന്ന ക്രമത്തിൽ ഏക്കറിനു് 1 രൂപ 9 അണ എന്നാക്കണമെന്നും ആണു്. ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ടു ഒരു കാര്യം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. 1942 ഡിസംബർ, 31–ാംതീയ്യതി ശേഷം പൂർത്തിയാക്കിയിട്ടുള്ള എല്ലാ മേജർ ഇറിഗേഷനേയും ബാധകമാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ ബില്ലു് കൊണ്ടുവന്നിരിക്കുന്നതെന്നു കാണുന്നു. മേജർ ഇറിഗേഷൻ പദ്ധതികൊണ്ടു പ്രയോജനം ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ നിലങ്ങൾക്കും ഈ ബിൽ അനുസരിച്ചുള്ള വെള്ളക്കരം ക്രമത്തിലാണു ഭാവിക്കുന്നതു്. സർ സി. പി. യുടെ കാലത്താരംഭിച്ച ചില ജലസേചനപദ്ധതികളുണ്ടു്. അതുകഴിഞ്ഞതു് പത്തുപത നാലുകൊല്ലം കഴിഞ്ഞിട്ടാണു വെള്ളക്കരം പിരിക്കാൻ പോകുന്നതു്. തെക്കൻ തിരുവിതാംകൂർനിന്നു വന്നിട്ടുള്ള എന്റെ ബഹുമാന്യസ്നേഹിതന്മാർ ഇക്കാര്യത്തെപ്പറ്റി അവശ്യം ചിന്തിക്കേണ്ടതാണു് ഇതിനൊരു കൂടിയ റേറ്റനുസരിച്ചാണു വെള്ളക്കരം ഈടാക്കാൻ വിചാരിക്കുന്നതു്. നെല്ലിന്റെ വില അഞ്ചും ആറും രൂപ ഉണ്ടായിരുന്ന കാലത്തെ നികുതിയാണു് ഇന്നു് ഈടാക്കാൻ പോകുന്നതു്. ഈ നികുതി കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം വലിയ ഒരു ഭാരമായിരിക്കും. ഇന്നു് ഇതേ തോതിൽത്തന്നെ നികുതി ഈടാക്കുന്നുമെന്നു പറയുന്നതു് അനീതിയാണു്. അതുകൊണ്ടു് ആ വകുപ്പു് എടുത്തുമാറ്റേണ്ടതുമാണു്. ഇനി മേലാലുള്ള പദ്ധതികൾ ഈ നിയമം അനുസരിച്ചുള്ള നികുതി ഈടാക്കാനൊരു ഭേദഗതിയായിട്ടാണു് ഞാൻ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നതു്. ഏക്കറൊന്നിനു 3 രൂപ 2 ണ–യ്ക്കു കൂടാൻ പാടില്ല. മറ്റേതു് 1 രൂപ 9 ണ–യിലും. ഈ തുക സപ്ലീസിനു വേണ്ടി ചെലവാക്കുകയല്ലേ? അതുകൊണ്ടു് ഇതു് പിരിച്ചെടുക്കേണ്ട ഒരിനമാണു്. തീർച്ചയായും ഈ റേറ്റു് ഇതുപോലെതന്നെ നിശ്ചയിക്കണമെന്നു് ചിലർക്കു് അഭിപ്രായമുള്ളതായി അറിയാം. പണ്ടൊക്കെ ഉണ്ടായിരുന്ന രാഷ്ട്രമല്ല ഇന്നത്തെ രാഷ്ട്രം. ഒരു വെൽഫയർ സ്റ്റേറ്റു് എന്നു പറയുമ്പോൾ ഇത്തരം കാര്യങ്ങൾ നിവൃത്തിക്കുന്നതിനുവേണ്ടി മുടക്കിയ തുകയ്ക്കു ശരിയായ ലാഭം കിട്ടിയേ തീരൂ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ആർ. മാധവൻ പിള്ള]

എന്നില്ല. ലാഭം കിട്ടാനല്ല, ഇത്തരം കാര്യങ്ങളിൽ പണം ചെലവാക്കുന്നതു്. ഒരു മുതലാളി ഏതെങ്കിലും ഒരു കാര്യത്തിനു രൂപ മുടക്കുന്നതു് അമ്പതോ അറുപതോ ശതമാനം ലാഭം കിട്ടണമെന്ന ഉദ്ദേശത്തോടുകൂടിയാണു്. എന്നാൽ ഗവണ്മെൻറ് ജലസേചന പദ്ധതികൾ നടപ്പാക്കുന്നതു് ഇതുപോലെ ലാഭമുണ്ടാക്കാൻ വേണ്ടിയല്ല. നേരേ മറിച്ചു് ദരിദ്രപക്ഷം കർഷകന്മാർക്കും അതുകൊണ്ടു് പ്രയോജനമുണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. വെൽഫയർ സ്റ്റേറ്റ് എന്നു പറയുമ്പോൾ അതിന്റെ അർത്ഥം ലാഭമല്ല രാജ്യക്ഷേമമാണു് പ്രധാനലക്ഷ്യം എന്നാകുന്നു. ഇന്നത്തെ പുതിയ നിരക്കനുസരിച്ചുള്ള നികുതി കർഷകരിൽ ചുമത്തുന്നപക്ഷം നമ്മുടെ രാഷ്ട്രത്തെ ക്ഷേമരാഷ്ട്രം എന്നല്ല പറയേണ്ടതു്, പിന്നെയോ ക്ഷാമരാഷ്ട്രം എന്നായിരിക്കും. ഇങ്ങനെ കൃഷിക്കാരന്റെ പേരിൽ പുതിയ പുതിയ നികുതിഭാരം വന്നുകൊണ്ടിരിക്കുന്നതും ക്ഷേമരാഷ്ട്രത്തിനു പര്യാപ്തമാകുകയില്ല. പഞ്ചായത്തു നികുതി, തൊഴിൽകരം, പ്രൊഫഷൻടാക്സു് ഇങ്ങനെ അനവധി നികുതികൾ കൃഷിക്കാർക്കു് പുത്തനായി ചുമത്തപ്പെട്ടിട്ടുണ്ടു്. കൂടാതെ, അടിവുഭൂമി നികുതി എന്ന പുതിയ ഒരു നികുതി കൂടി വരുന്നുമുണ്ടു്. ഇങ്ങനെ നികുതിയുടെ ദുർവ്വഹമായ ഭാരംകൊണ്ടു് വളരെയധികം ക്ലേശിക്കുന്ന കർഷകനെ ഇനിയും കൂടുതൽ ക്ലേശിപ്പിക്കരുതേ എന്നാണു് എനിക്കു പറയുവാനുള്ളതു്.

ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാൻ ഡെവലപ്പുമെൻറ് പദ്ധതികൾ നടപ്പിൽ വരുത്തുവാൻ, ഇതിനൊക്കെ പണം വേണ്ടേ എന്നു ചോദിച്ചേക്കാം. എവിടുന്നാണു് ഇതിനെല്ലാം ഉള്ള പണം? ശരിതന്നെ. കർഷകന്റെ അടുക്കൽനിന്നും പിരിച്ചെടുക്കുന്ന പണം എന്തിനുവേണ്ടിയാണെന്നാലോചിക്കണം. ഈ പണം ചെലവാക്കുന്ന കൂട്ടത്തിൽ നിന്നും കാണാൻ കഴിയും, കോടിക്കണക്കിനു രൂപ പല പല ജന്മിമാർക്കും രാജാക്കന്മാർക്കും നഷ്ടപരിഹാരം കൊടുക്കുവാൻവേണ്ടി ഉപയോഗിക്കുന്നതായിട്ടു്. അതുപോലെ റീഹാബിലിറ്റേഷൻ എന്ന പേരിൽ ചില കാര്യങ്ങൾകൂടി ഇനി എടുക്കാൻ പോകുന്നുമുണ്ടു്. ആ നിലയ്ക്കു് നികുതിഭാരം എത്രയും കുറയ്ക്കുവാൻ ഗവണ്മെൻറ് ശ്രദ്ധിക്കേണ്ടതാണു്. അതുകൊണ്ടു് എന്റെ ഈ ഭേദഗതി സ്വീകരിക്കുമെന്നപേക്ഷിക്കുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സർ, ബഹുമാനപ്പെട്ട കുന്നത്തൂർ മെംബർ അവതരിപ്പിച്ച ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഏതു ഭേദഗതിയാണു് ബഹുമാനപ്പെട്ട മെംബർ അനുകൂലിക്കുന്നതു്?

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: 27-ാം നമ്പർ ഭേദഗതിയെ സെക്ഷൻ 15 (3)-ൽ പറയുന്നതു് ഇങ്ങനെ ആണു്:—

Section 15 (3). "In the case of lands benefited by a major irrigation work, the construction, expansion or

LIBRARY ARCHIVES Kerala Legislative Assembly

alteration of which the Government have undertaken after the 31st December 1942, the cess leviable under sub-section (1) shall be at the following rates :—

(a)	dry lands converted into wet lands and on which two or more crops are raised.	Rs. 10 per acre
(b)	dry lands converted into wet lands and on which only one crop is raised.	Rs. 6 per acre
(c)	lands already registered as single crop wet lands and on which two or more crops are raised.	Rs. 6 per acre and
(d)	all other lands already registered as wet lands.	Rs. 5 per acre.

അപ്പോൾ ഈ നിരക്കനുസരിച്ചാണ് നികുതി ചുമത്താൻ വിചാരിക്കുന്നത്. അതിലെ പ്രൊവൈസോയിൽ ഏതെങ്കിലും മെക്കാനിക്കൽ കൺട്രൈവൻസസ് ഉപയോഗിച്ചുമാത്രമെ ജലസേചനം നടത്താൻ മക്കുകയുള്ളു എങ്കിൽ ഇതിന്റെ അമ്പതു ശതമാനം നികുതിയേ ചുമത്താവൂ എന്നും പറയുന്നുണ്ട്. ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മെംബർ പറഞ്ഞ എല്ലാ കാര്യങ്ങളോടും ഞാനും പൂർണ്ണമായി യോജിക്കുന്നു. എന്നാൽ, ഒരു കാര്യം ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കണം. കാർഷികോൽപ്പന്നങ്ങളുടെ വിലക്കയറ്റത്തേയും ഇറക്കത്തേയും കർഷകന്റെ നിത്യജീവിതത്തെ സാരമായി ഉലയ്ക്കുന്ന നിലയിൽ അനിയന്ത്രിതമായി അതിന്റെ പാട്ടിനു വിടുവാൻ പാടില്ലാത്തതായ സ്ഥിതിവിശേഷം സൃഷ്ടിക്കേണ്ട ചുമതല ഗവണ്മെന്റിനുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ വില ഏറിയും കുറഞ്ഞുമിരിക്കുന്നതുകൊണ്ട് ആ ഏറ്റക്കുറച്ചിലുകളെ കണക്കാക്കാതെ, കാർഷികോൽപ്പന്നങ്ങളുടെ വിലയുടെ ഇത്ര ശതമാനം എന്ന അടിസ്ഥാനത്തിൽ ഒരാവശ്യം കണക്കാക്കി, എക്കാലത്തേക്കും ഇത്ര ഉൽപ്പന്നങ്ങൾ ഉണ്ടാകുമെന്നുള്ള കണക്കെടുത്തു.....

SHRI P. S. NATARAJA PILLAI : Will the member accept the proposition of taxation in kind on a portion of the produce?

SHRI R. SANKARANARAYANAN TAMPI: I do not accept the proposition of taxation in kind on a portion of the production at the present stage. The principle is however acceptable to me.

ഇങ്ങനെ കാർഷികോൽപ്പന്നങ്ങളുടെ വിലയുടെ ഏറ്റക്കുറച്ചിൽ വളരെ സാരമായ ഒരു പ്രശ്നമായി നമ്മെ അഭിമുഖീകരിക്കുന്നിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി]

കാലം ആ തരത്തിലല്ല ഇപ്പോൾ നികുതി എർപ്പെടുത്തേണ്ടതു്. ഇന്നെപ്പെട്ടുത്തിയിരിക്കുന്ന നികുതിനിരക്കു് ഭീമമായ ഒരു നിരക്കാണു്. ഒരേക്കറിനു പത്തു രൂപ നിരക്കു് വയ്ക്കുമ്പോൾ ശരാശരി ഒരു സെൻറിനു് ഒന്നര അണ വരും.

ശ്രീ. പി. എസ്സു്. നടരാജപിള്ള : ഒരു പറ നിലത്തിനു എന്താകും ?

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : ഇരുപ്പു നിലത്തിനു ഒന്നര രൂപയാകും. ഒരുപ്പുവാരമാണെങ്കിൽ ഒരു രൂപയും ആകും.

ശ്രീ. പി. എസ്സു്. നടരാജപിള്ള : അതു ഡ്രൈ ലാൻഡ്സിനെ സംബന്ധിച്ചു ള്ള കരമല്ലേ ?

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : അങ്ങനെയാകണമെന്നു നിർബന്ധമില്ല. എന്തെന്നാൽ ഡ്രൈ ലാൻഡ്സിനേയും വെറ്റ് ലാൻഡ്സിനേയും നിർവചനങ്ങളും ഈ ബില്ലിൽ കൊടുത്തിരിക്കുന്നതു വായിച്ചാൽ അവ തമ്മിൽ വ്യത്യസ്തമായി പരിഗണിക്കേണ്ടതു് എങ്ങനെ എന്നും എപ്പോഴെന്നും ഉള്ള കാര്യത്തിൽ സംശയം തട്ടും.

SHRI P. S. NATARAJA PILLAI : I would request my friend to read sub-section (2) which says that "In case of lands benefited by major irrigation works ..... the cess leviable under sub-section (1) shall be fixed upon on acreage basis...."

SHRI R. SANKARANARAYANAN TAMPI : I have read that clause which says: "In the case of lands benefited by a major irrigation work, the construction expansion or alteration of which the Government have undertaken before the 1st January 1943, the cess leviable under sub-section (1) shall be fixed upon on acreage basis and so as to ensure to the Government a return not exceeding three per cent on the capital outlay after making provision for depreciation and maintenance."

അതുകൊണ്ടു് അതും എന്റെ വാദഗതിയുമായി യാതൊരു പൊരുത്തക്കേടും ഇല്ലെന്നു് എന്റെ സ്നേഹിതനോടു് ഞാൻ പറയുന്നു. കൂടാതെ, മേജർ ഇറിഗേഷൻ പ്രവർത്തനങ്ങളും അമ്പതോ, നൂറോ കൊല്ലം നിലനിൽക്കുന്ന പ്രവർത്തനങ്ങളായി പരിഗണിക്കാവുന്നതാണു്. അതുകൊണ്ടു് ഈ തുകയ്ക്കു വേണ്ടി കരം ചുമത്തുന്നതു് അമ്പതോ, നൂറോ കൊല്ലംകൊണ്ടു തിരിച്ചു് ഈടാക്കാവുന്നതാണെന്നുള്ള ആ കാഴ്ചപ്പാടിലും ആ കണക്കു കൂട്ടലിലും ആയിരിക്കണം.

ശ്രീ. കെ. ഐ. വേലായുധൻ : ഈ നികുതി അമ്പതു കൊല്ലം പിരിച്ചെടുത്താലും മതിയാവുകയില്ലെന്നുള്ള വിവരം ബഹുമാനപ്പെട്ട മെംബർക്കറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി : ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം മറന്നുപോയിയെന്നു തോന്നുന്നു. ബെറർമെൻറ് ലെവിക്കുടി ഉണ്ട്. ഇതു രണ്ടും കൂടി കൂട്ടുമ്പോൾ മൂലധനത്തിൻറെ എത്ര ശതമാനം ഇത്ര കൊല്ലംകൊണ്ടു ഈടാക്കാമെന്നു കണക്കുകൂട്ടി നോക്കണം. ആ നിലയിൽ നോക്കുമ്പോഴും നികുതിഭാരം കുറയ്ക്കാവുന്നതാണെന്നു കാണാം.

SHRI P. S. NATARAJA PILLAI : Will not landlords holding large extent of land not be subjected to taxation in proportion?

SHRI R. SANKARANARAYANAN TAMPI : It is not a question whether he is a big landlord or small landlord. Whoever cultivates the land is an agriculturist and no distinction should be made between a cultivator of land on a large scale and a cultivator on a small scale.

SHRI P. S. NATARAJA PILLAI : Will the Member consider the practicability of introducing a slab system of taxation on this?

SHRI R. SANKARANARAYANAN TAMPI : I do not agree to a slab system of taxation of land, particularly for irrigation purposes.

10 A. M.]

SHRI P. S. NATARAJA PILLAI : Sir, I should like to make some observations. As for the major irrigation works, they have to be carried out of public funds and after that those works have to be maintained by Government. I think, Sir, it will be conceded that the State has to undertake the construction of major irrigation works for the common benefit of the country and every citizen. So the work has to be done at the cost of the citizen and the state dispenses money which is the capital of the people of the country. So that kind of investment is made for the common benefit. What is envisaged in the Bill is that after investment for the maintenance of these works the lands which are benefited by irrigation works should contribute a portion of the excess income that is derived from that land for the maintenance of the irrigation work. I think I have made it clear. The expectation is to realise only a certain percentage of the net income for the maintenance of the irrigation works. Annual expenditure has to be met to maintain that work in order, and it is expected that a portion of the net increase will be contributed for that purpose.

SHRI R. SANKARANARAYANAN TAMPI : That is what we call betterment levy.

LIBRARY ARCHIVES Kerala Legislative Assembly

SHRI P. S. NATARAJA PILLAI: No, that is the increase in permanent value calculated on increase in net yield and a portion realised from the owner.

SHRI R. SANKARANARAYANAN TAMPI: Betterment levy is a levy on the increase in yield.

SHRI P. S. NATARAJA PILLAI: Increased value of land based on the increase in the net yield. Betterment levy is calculated on the principle that land has become more valuable. Therefore a portion of the value of the increase is capitalised and a certain percentage is levied as betterment levy. A portion of the income is levied for the maintenance of the work to keep the productivity of the land as water cess. When one para or 14½ cents of dry land is converted as wet land and when water is supplied to produce two crops every year, the proposal is to levy Rs. 10 per acre or Rs. 1½ per para of paddy land. Calculating it at the lowest yield seven plus seven per crop—fourteen paras will be the yield per year. This is from very poor kind of lands.

SHRI R. SANKARANARAYANAN TAMPI: My friend probably refers to the fields in Nanjinad.

SHRI P. S. NATARAJA PILLAI: No, even in Trivandrum. Every year the cultivator will be getting 14 paras of paddy and from that 14 paras what is sought to be realised is only Rs. 1½. It will not be equal even to one para of paddy. Per crop it will cost only half a para. Is that contribution high? It is not high. In a welfare state these things have to be done and we must look to the sum-total of human happiness of the society as a whole. Who has invested the money? The people have invested the money for the common good. It is not a Joint Stock Company that has invested the money. To maintain the work this levy is made. That is a very small levy and according to my calculation it is only half a para per acre. The percentage will be very small. I do not think the rate in the schedule is unreasonable. This is all what I have to say.

SHRI A. A. D. LUIZ: Sir, I agree with the opinion expressed by the hon. Member Shri P. S. Nataraja Pillai. I am afraid the attack that has been made on the provisions contained in the Bill is rather baseless. The hon Member who has moved the amendment to reduce the levy has not considered the details

LIBRARY ARCHIVES Kerala Legislative Assembly

in the practical working of lands—specially the conversion of dry land to a double crop wet land. Let us be thoroughly aware of the provisions in the Bill. Sub-section (3) (a) of Section 15 deals with conversion of dry lands into wet lands on which two or more crops may be raised. Dry land being converted to wet land is a change and when converted to a double crop land the change is indeed something radical and it is a change enhancing the price of the land and the income the owner can derive from that land. Consider a hypothetical case. Let us reckon it in terms of ordinary manual labour used to convert dry land into double crop wet land. Definitely the capital outlay and recurring expenses will be much more than the rate indicated in this legislation. Sir, I must emphasize the opinion expressed by our very experienced Member Shri P. S. Nataraja Pillai. He indicated the minimum yield from an acre as seven paras. In the Districts from where I hail, I would say that a poor yield would be reckoned as nine paras of paddy per acre. There is nothing wrong in assuming such a minimum. That is very ordinary. Double that quantity and reckon the value of that quantity on the basis of the cost of paddy available today and then we have the direct comparison between the cess paid and the additional income derived from a particular parcel of dry land that has been converted. I am not proposing to go into the details but I suppose it is clear that by a payment of Rs. 10 you have 18 paras of paddy which is worth Rs. 36.

The cess of Rs. 10 per acre for double crop lands bears no relation whatsoever to the capital costs incurred for the construction of an irrigation. If the charges to be levied for the supply of water was on the basis of a 3% interest on the capital outlay plus the cost of maintenance, we would have had to pay much higher rates. The charges contemplated in the Bill clearly indicate that the cultivation is not harassed for a return on the capital investment.

However, when an irrigation channel has been constructed from public revenues, there is both a civil and moral responsibility on all those who avail of such conveniences to pay for the maintenance of that structure. The figures indicated, I have my own doubts, whether it would meet the normal repair and maintenance charges. I may even predict that the cess is so very low that ultimately further subsidies shall have to be raised for proper maintenance of the irrigation projects.

LIBRARY ARCHIVES Kerala Legislative Assembly

[SHRI A. A. D. LUIZ]

Let us not be fantastic in our conceptions. The very minute a fact or a figure is indicated by the Government, we should not immediately criticise it under the pretext that the poor man is harassed. Such criticism is cheap criticism or better false criticism and is completely devoid of constructive offers which every criticism should contain. Let us be considerate, because we are in an age when the entire nation is engaged in building permanent structures and projects for the betterment of the people in the country. May I reiterate that we have a civic responsibility to maintain projects constructed from the common funds of the people of the country.

The mover of the amendment suggested that revenues should be pooled. I have my own doubts whether there is going to be any collection in excess of actual amounts required for maintenance and as such, I fail to understand what exactly is going to be pooled.

The hon. Member stated in support of his amendment that the rates indicated in the Bill are hard against the poor cultivator and a protection for the big agriculturists. I am afraid that the hon. Member has ignored the fact that 90% of the land holdings in T. C. State have an extent below 4 acres. This information is contained in the Planning Commission Report and was even mentioned on the floor of this House by the Minister who introduced the Ceiling Bill. The hon. Member also seems to have forgotten the Ceiling Bill that is now being dealt with by the Select Committee wherein the provision is to restrict holdings to 15 acres. Basic information and statistics seem to have been forgotten. I hope that it was not a convenient failure of memory to raise a pointed attack on the provisions contained in the Bill. The Statement that the provisions in the Bill is for the betterment of one class of people to the detriment of another section is an absolutely baseless statement. I would request all sections of this House to accept the figures mentioned in the Bill. However, I have to caution the Government that the contemplated rate of levy is insufficient and would finally result in the lack of proper maintenance of the irrigation schemes.

ശ്രീ. സി. കെ. രാമചന്ദ്രൻ നായർ: സർ, ഞാൻ ഈ ഭേദഗതിയെ സംബന്ധിച്ച് സംസാരിച്ച ശ്രീ. നടരാജപിള്ള യോട് യോജിക്കുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

SHRI R. SANKARANARAYANAN THAMPI: May I know whether the Member is supporting or opposing the amendment.

SHRI C. K. RAMACHANDRAN NAIR: I am opposing the amendment.

ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ നാട്ടിൽ വെറും മരുഭൂമിയായി കിടക്കുന്ന സ്ഥലങ്ങൾ കൃഷി ചെയ്യത്തക്ക വണ്ണം ജലസേചനം ചെയ്യിട്ടുണ്ട്. അങ്ങിനെ ജലസേചനം ചെയ്യാൻ സൗകര്യപ്പെടുത്തിയതു് ഗവണ്മെൻറല്ല. നാട്ടുകാരുടെ സഹായം കൊണ്ടു മാത്രം ചെയ്തിട്ടുള്ളതാണു്. സർ, ഭാഗ്യവാന്മാരല്ലാത്ത ജനങ്ങളാണു് അവിടങ്ങളിൽ താമസിക്കുന്നതു്. ആയതുകൊണ്ടു് ഗവണ്മെൻറിൻറെ നന്മകളൊന്നും അവർക്കു ലഭിക്കയില്ലല്ലോ. ധാരാളം നിലംകൃഷിയുള്ള സ്ഥലങ്ങളിൽ വെള്ളം കിട്ടാതെവരുന്ന അവസരത്തിൽ കൃഷിനഷ്ടത്തെ ഭയന്നു് നാട്ടുകാർ പണം ചെലവാക്കി വലിയ ചിറകൾ കെട്ടി കൃഷി നടത്തിക്കൊണ്ടിരിക്കുകയാണു്. നേരെമറിച്ചു് ഗവണ്മെൻറിൽ നിന്നും വലിയ തുക ചെലവാക്കി ജലവിതരണം ചെയ്യുന്ന ഒന്നാണു് ഇവിടെ വിവാദവിഷയമായ ലിഫ്റ്റ് ഇറിഗേഷൻ. ഈ ലിഫ്റ്റ് ഇറിഗേഷൻ കൊണ്ടു് കൃഷി നടത്തുന്ന കർഷകർക്കു ഒരു ചെറിയ നികുതി കൊടുക്കുക എന്നുള്ളതിൽ കവിഞ്ഞു് ഞങ്ങളുടെ നാട്ടിലുള്ള കർഷക ജനതയെപ്പോലെ ബുദ്ധിമുട്ടുകളും വൈഷമ്യങ്ങളും അനുഭവിക്കേണ്ടി വരുന്നില്ല. ഒരു വിഷമവും കൂടാതെ ഇഷ്ടമുള്ളപ്പോൾ ഇഷ്ടം പോലെ വെള്ളം കിട്ടുന്നതിനു് ലിഫ്റ്റ് ഇറിഗേഷൻ മുഖാന്തിരം മറവുള്ളവർക്കു സാധിക്കുന്നുണ്ടു്. അങ്ങിനെയുള്ള ഒരവസ്ഥ മറ്റു കർഷകരെ സംബന്ധിച്ചിടത്തോളം സഹായകമാകുന്നതെന്നയാണു് എൻറെ അഭിപ്രായം. ആ സ്ഥിതിക്കു ഗവണ്മെൻറിൽ നിന്നും ലിഫ്റ്റ് ഇറിഗേഷനു വേണ്ടി ചുമത്തിയിരിക്കുന്ന തുക കുറയ്ക്കണമെന്നു പറയുന്നതിൽ ന്യായം കാണുന്നില്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഇറിഗേഷനു വേണ്ടി തുക കുറയ്ക്കണമെന്നല്ല പറഞ്ഞതു്. നികുതിയിൽ കുറവു വരുത്തണമെന്നാണു് അഭിപ്രായപ്പെട്ടതു്.

ശ്രീ. സി. കെ. രാമചന്ദ്രൻ നായർ: ഞാൻ ഉദ്ദേശിക്കുന്നതു് അതുതന്നെയാണു്. ഒരു കാരണവശാലും നികുതിയിൽ കുറവു ചെയ്യേണ്ടതായി കാണുന്നില്ല. അതുകൊണ്ടു് ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണു് ചെയ്യുന്നതു്.

ശ്രീ. കെ. ഐ. വേലായുധൻ: ഞാൻ കുന്നത്തൂർ മെമ്പർ അവതരിപ്പിച്ച ഭേദഗതിയെ എതിർക്കുന്നു. അദ്ദേഹം കൊണ്ടുവന്നിട്ടുള്ള ഭേദഗതി സ്വീകരിക്കുന്നപക്ഷം ഗവണ്മെൻറിനു് വലുതായ നഷ്ടം ഉണ്ടാകും. ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പറും ഈ കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. വെറും മരുഭൂമിയായികിടക്കുന്ന കുറെ സ്ഥലങ്ങൾ ജലസേചനസൗകര്യംകൊണ്ടു് കൃഷിചെയ്തു നന്നാക്കുന്നതിനുവേണ്ടി ഗവണ്മെൻറു് ധാരാളം പണം ചെലവാക്കിയിട്ടുണ്ടു്. ഈ രാജ്യത്തു് കൃഷി സുകരമായി വർദ്ധിപ്പിക്കുന്നതിനുംമറ്റും പുതിയ പുതിയ പദ്ധതികൾ വേണമെന്നു എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ഐ. വേലായുധൻ]

വരും പറയുന്നുണ്ട്. അതനുസരിച്ച് ഏറ്റവും വലിയ ഒരു സംഖ്യയാണ് ഈ പദ്ധതികൾക്കായി രാജ്യത്തിന്റെ നാനാഭാഗത്തും നടപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ടിരിക്കുന്നത്. രണ്ടാം പഞ്ചവൽസരപദ്ധതിയിൽ ഏകദേശം ആറേകാൽകോടി രൂപ ഈ ഇനത്തിൽ കൊള്ളിച്ചിട്ടുണ്ട്. ഗവണ്മെന്റിനു് ഇങ്ങനെ ചെലവാക്കുന്നപണം മുഴുവൻ കിട്ടുകയില്ലെങ്കിലും ആ പണത്തിന്റെ ഒരു അനുപാതമെങ്കിലും ജലനികുതിയായി ലഭിച്ചില്ലെങ്കിൽ മറ്റു സ്ഥലങ്ങളിൽ ഈ പദ്ധതികൾ വ്യാപിപ്പിക്കാൻ സാധിക്കാതെ വന്നേക്കും. ഈ ജലനികുതി തന്നെ അധികവും വൻകിട ഭൂ ഉടമസ്ഥരെയാണ് ബാധിക്കുന്നതു്. അങ്ങേഹം പറഞ്ഞതുപോലെ സാധുക്കളായ കർഷകർക്ക് അധികം ബുദ്ധിമുട്ടുണ്ടാകയില്ല. കുറച്ചു ഭൂമിയുള്ള കർഷകർ ഇവിടെ വളരെ കുറവാണു്. ആയിരം പതിനായിരം ഏക്കറോളം കയ്യിൽ വച്ചുകൊണ്ടിരിക്കുന്ന വലിയ ഭൂഉടമസ്ഥന്മാർക്ക് ഇതു ബാധകമാകുമെന്നല്ലാതെ സാധുക്കളെ അതുതന്നെ ബാധിക്കുകയില്ല. ഒരു പറ നിലത്തിനു് രണ്ടു മൂന്നു രൂപ ചെലവാക്കാമെങ്കിലും പത്തോ പതിനഞ്ചോ പറനെല്ലാണു് അവയിൽനിന്നും കൂടുതലായി കിട്ടുന്നതു്. അതുകൊണ്ടു് ജലനികുതി ചുമത്താൻ സഭ അനുവദിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ആർ. മാധവൻപിള്ള : സർ, ബഹുമാനപ്പെട്ട മന്ത്രിയും മിസ്റ്റർ പി. എസ്സ്. നടരാജപിള്ളയും ചെങ്ങന്നൂർ മെംബറും പറഞ്ഞ വാദഗതികൾകൊണ്ടൊന്നും എന്റെ ഭേദഗതിയിൽനിന്നും പുറകോട്ടു പോകണമെന്നു് ഞാൻ വിചാരിക്കുന്നില്ല. എന്താണെന്നുവച്ചാ അവർ ഉന്നയിച്ച വാദഗതികൾ എന്റെ വാദത്തിനു് ശരിയായ മറുപടി അല്ല. ശ്രീ. രാമചന്ദ്രൻ നായർ പറഞ്ഞതു് അങ്ങേഹത്തിന്റെ താലൂക്കിൽ ഇറിഗേഷൻപദ്ധതികൾ പലതും തുടങ്ങി നിറുത്തിവച്ചിട്ടുണ്ടെന്നാണു്. അതേ അടിസ്ഥാനത്തിൽതന്നെ മുഖ്യമന്ത്രിയുടെയും മരാമത്തുവകുപ്പു മന്ത്രിയുടെയും നിയോജകമണ്ഡലങ്ങളിൽ വളരെ അധികം ഇറിഗേഷൻ പണികൾ പൂർത്തിയാക്കിയിട്ടുണ്ടു്. ആ കാരണംകൊണ്ടുതന്നെ എന്റെ ഭേദഗതി അംഗീകരിക്കേണ്ടതാണു്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഇതു് വൻകിട ഭൂ ഉടമസ്ഥന്മാരെ മാത്രം ബാധിക്കുന്ന ഒരു കാര്യമല്ല. നേരേമറിച്ചു് ചെറുകിട കർഷകരെ ബാധിക്കുന്നതാണു്. നമ്മുടെ രാജ്യത്തു് മൂന്നേക്കറിൽ കുറഞ്ഞ ഭൂമിയുള്ള കർഷകരാണു് കൂടുതലുള്ളതെന്നു് പലവിധത്തിലുള്ള കണക്കുകൾകൊണ്ടു് കാണാം. അതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് ശരിയല്ല. ജലനികുതി ഇങ്ങനെ കൊടുക്കുകയും അതിനു തക്കവണ്ണം മുതലധനം മുടക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അതു് കർഷകനെ വിപരീതമായി ബാധിക്കും. കൃഷിചെയ്യാനുള്ള ആവേശം അവനില്ലാതാകും. അതുകൊണ്ടു് ഈ പിടിച്ചുപറി ന്യായീകരിക്കത്തക്കതല്ല.

MR. DEPUTY SPEAKER : Mr. Madhavan Pillai, are you pressing the amendment?

SHRI P. R. MADHAVAN PILLAI : Yes, Sir.

The amendment was put and lost.

SHRI P. R. MADHAVAN PILLAI: I demand a poll.

A poll was taken when the House divided as follows :

LIBRARY ARCHIVES Kerala Legislative Assembly

AYES—26.

1 Shri C. C. Ayyappan
2 „ K. A. Balan
3 „ K. Balakrishnan
4 „ R. Balakrishna Pillai
5 „ Prakkulam Bhasi
6 „ K. Chandrasekhara Sastri
7 „ T. K. Divakaran
8 „ K. C. George
9 „ P. Gopalan
10 „ K. S. Krishnan Sastry
11 „ P. K. Kunjachan
12 „ Kuttappan Koickal
13 „ P. R. Madhavan Pillai
14 „ U. Neelakantan
15 Shri N. Neelakantaru Pandarathil
16 „ M. P. Menon
17 „ N. Raghava Kurup
18 „ T. S. Ramaswami
19 „ P. Ravindran
20 „ R. Sankaranarayanan Thampi
21 „ V. Sridharan
22 „ R. Sugathan
23 Dr. P. K. Sukumaran
24 Shri C. K. Viswanathan
25 „ D. Vivekanandan
26 „ P. K. Yasodharan

NOES—58.

1 Shri P. K. Abdul Khadir
2 „ K. C. Abraham
3 „ A. Achuthan
4 „ V. K. Achutha Menon
5 „ J. A. Bhatt
6 „ M. A. Antony
7 „ K. K. Balakrishnan
8 „ T. O. Bava
9 „ N. G. Chacko
10 „ A. C. Chacko
11 „ K. M. Chacko
12 „ N. Chandrasekharan Nair
13 „ K. M. Chandy
14 „ M. V. Cheriyan
15 „ O. R. Chummar
16 „ T. T. Daniel
17 „ K. M. George
18 „ K. P. Gopala Menon
19 „ Panampilli Govinda Menon
20 „ K. P. Hormis
21 „ Idiculla Idiculla
22 „ A. J. John
23 „ V. J. Joseph
24 Shri Joseph Chazhikatt
25 „ K. Karunakaran
26 „ P. Kesava Menon
27 „ T. T. Kesavan Sastry
28 „ C. Kochukunju
29 „ K. Kochukuttan
30 „ K. M. Korah
31 „ P. R. Krishnan
32 „ K. Krishna Pillai
33 Dr. N. K. Kumaran
34 Shri P. Kunjan
35 „ A. Kunjan Nadar
36 Smt. T. C. Leela Devi Amma
37 Shri P. M. Markose
38 „ M. M. Mathai
39 „ C. A. Mathew
40 „ N. Narayana Kurup
41 „ P. S. Nataraja Pillai
42 „ N. A. Noor Mohammed
43 „ R. Ponnappa Nadar
44 „ A. A. Rahim
45 Dr. A. R. Menon
46 Shri C. K. Ramachandran Nair

LIBRARY ARCHIVES Kerala Legislative Assembly

Noes—(*contd.*)

47 Shri P. J. Sebastian	53 Shri K. T. Thomas
48 „ V. V. Sebastian	54 „ K. I. Velayudhan
49 „ A. M. Simon	55 „ Kalathil Velayudhan Nair
50 „ P. Thanulingam Nadar	56 „ T. M. Varghese
51 „ A. Thanu Pillai	57 „ P. Viswambharan
52 „ A. Thankiah	58 „ A. A. D. Luiz

Neutrals

Nil

MR. DEPUTY SPEAKER: For the amendment 26, against the amendment 58, and neutrals nil. The amendment is lost.

SHRI P. R. MADHAVAN PILLAI: Sir, I move—

In clause 15, sub-clause (4) for the words "four per-cent." in line 2, substitute the words "three per cent."

ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു. പ്രത്യേകിച്ച് ഇതിനെ പ്പറ്റി സംസാരിക്കാനൊന്നുമില്ല.

ശ്രീ. ടി. കെ. വേലായുധൻ: ജലനികുതി കൊടുത്തില്ലെങ്കിൽ നാലുശതമാനം പലിശ ഈടാക്കണമെന്നുള്ള വ്യവസ്ഥ പാടില്ലെന്നാണ് ഭേദഗതികൊണ്ടു കാണുന്നത്. ഇതു് മൂന്നുശതമാനമാക്കണമെന്നു് പറയുന്നു. അതംഗീകരിക്കാൻ നിവൃത്തിയില്ല. ഗവണ്മെന്റു തന്നെ നാലും നാലരയും ശതമാനം പലിശയ്ക്കാണ് പണമെടുക്കുന്നതു്. അങ്ങനെയിരിക്കെ മൂന്നുശതമാനം മാത്രം ഈടാക്കി ഗവണ്മെന്റു് നഷ്ടം സഹിക്കണമെന്നു് പറയുന്നതു് ശരിയല്ല.

The amendment was put and lost.

The question that Clause 15 stands part of the Bill was put and carried.

Clause 15 was added to the Bill.

Clause 16

SHRI P. RAVINDRAN: Sir, I move—

Delete the words 'from other reliable information' and substitute the word 'otherwise'.

സർ, ഇതു് വളരെ നിസ്സാരമായ ഒരു ഭേദഗതിയാണു്. ഈ വ്യവസ്ഥയനുസരിച്ചു് ചീഫ് എൻജിനീയർക്കു് ഒരു വർക്കു് ഉടനെതന്നെ ചെയ്യേണ്ടതു് ആവശ്യമാണെന്നു തോന്നിയാൽ ഗവണ്മെന്റു ചെലവിൽ അതു നടത്താം. ഇറിഗേഷൻ ആഫീസർ പിരിയാഡിക്കൽ ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ടുചെയ്യുന്നതിനെ അടിസ്ഥാനമാക്കി ചീഫ് എൻജിനീയർ പ്രവർത്തിക്കണം. ഇറിഗേഷൻ ആഫീസറുടെ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടില്ലാതെയും, മറ്റ് റിലയബിൾ സോഴ്സ് മുഖാന്തിരം കിട്ടുന്ന അറിവിനെ ആസ്പദമാക്കി ചീഫ് ഇൻജിനയർക്ക് ഒരു വർക്ക് ഉടനെ ചെയ്യാമെന്ന വ്യവസ്ഥയുണ്ട്. എന്നാൽ ചീഫ് എൻജിനീയർ നേരിട്ട് പരിശോധിച്ചാൽ എന്തു ചെയ്യണമെന്നുള്ളതിനു വ്യവസ്ഥയില്ല. നേരിട്ടുള്ള അറിവിന്റെ അടിസ്ഥാനത്തിൽ ജോലിചെയ്യുമെങ്കിൽ Other reliable information എന്നതിനു പകരം Otherwise എന്നു ചേർക്കണം. എന്റെ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. ഐ. വേലായുധൻ : സർ, ഇതു സ്വീകരിക്കാൻ ന്വത്തിയില്ല. ബഹുമാനപ്പെട്ട മെംബർ ഉദ്ദേശിക്കുന്നതുപോലെയുള്ള കാര്യങ്ങളും തന്നെ ഇന്നു നടക്കുന്നുണ്ട്. ഇങ്ങനെ Otherwise എന്നു വയ്ക്കുകയാണെങ്കിൽ ഒരുപക്ഷേ, ചീഫ് എൻജിനീയർതന്നെ നേരിട്ട് അന്വേഷണം നടത്തുമെന്നു വിചാരിക്കാൻ ന്വത്തിയില്ല. അതുകൊണ്ട് ആ വാചകം ശരിയല്ല. ഈ ക്ലാസ്സിൽ പറയുന്നതനുസരിച്ച് "The Chief Engineer may on being satisfied from the report or from other reliable information that any work is to be executed for the proper maintenance of the work, execute the work at the cost of the Government." അതുപോലെ,

ചീഫ് എൻജിനീയർതന്നെ അന്വേഷണം നടത്തി അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിനു പ്രവൃത്തിക്കാവുന്നതാണ്. അദ്ദേഹം ഉദ്ദേശിക്കുന്ന ആവശ്യം ഈ വാചകം കൊണ്ടുതന്നെ സാധിക്കുന്നുണ്ട്. അതുകൊണ്ടു ഞാൻ ആ ഭേദഗതിയെ എതിർക്കുന്നു.

MR. DEPUTY SPEAKER : Do you press the amendment?

SHRI P. RAVINDRAN : No, Sir.

The amendment was, by leave, withdrawn.

The question that Clause 16 stands part of the Bill was put and carried.

Clause 16 was added to the Bill.

Clause 17.

SHRI P. R. MADHAVAN PILLAI : Sir, I move—

Insert the words 'till the benefits accruing to the land ceases to exist' in between the words 'work' and 'the construction', in line 5 and omit the explanation to the clause.

ഇതുപോലെ ഒരു ഭേദഗതി ഇന്നലെ ഇവിടെ അവതരിപ്പിച്ചതാണ്. മേജർ ഇറിഗേഷൻ പദ്ധതികൾക്കൊണ്ട് കൂടുതലായിട്ടുള്ള അനുഭവങ്ങൾ എല്ലായ്പോഴും ഉണ്ടായിരിക്കണമെന്നില്ല. ഇതു ഞാൻ പറയുന്നതെന്താണെന്നുവെച്ചാൽ അനുഭവം മറിച്ചായതുകൊണ്ടാണ്. ചില സ്ഥലങ്ങളിലെല്ലാം അണക്കെട്ടുകൾ ഉണ്ടാക്കിയാൽ തന്നെ ഉണ്ടാക്കിയ അണക്കെട്ടുകളുടെ മുകളിലുള്ള നിലങ്ങളിലും ഇറിഗേഷൻ സെസ്സ് ഏർപ്പെടുത്തിയിട്ടുള്ളതായി ബഹുമാനപ്പെട്ട മന്ത്രിതന്നെ എന്റെകൂടെ വന്നാൽ കാണിച്ചുതരാം. വെള്ളം മുകളിലേക്ക് ഒഴുകുകയല്ലല്ലോ. ഈ അണക്കെട്ടുകൊണ്ടു യാതൊരു ഗുണവുമില്ലാത്ത സ്ഥലങ്ങളിലും വാട്ടർസെസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്സ്. നടരാജപിള്ള : അതു് ബെറർമെൻറ ലെവി ഈടാക്കുന്നതല്ലേ ?

ശ്രീ. പി. ആർ. മാധവൻപിള്ള : ഉടനെതന്നെ ഈടാക്കുക എന്നുള്ളതല്ല ഞാൻ പറയുന്നതു്. യാഥാർത്ഥ്യത്തിൻെറ അടിസ്ഥാനത്തിൽ അവിടെ ഒരു വർദ്ധനവിനും സാദ്ധ്യതയില്ല. അതുകൊണ്ടു് എൻെറ ഈ ഭേദഗതിയോടുകൂടി ആ വ്യവസ്ഥ ബില്ലിൽ ഉണ്ടായിരിക്കുന്നതു് കൂടുതൽ ഗുണകരമായിരിക്കും. അതുകൊണ്ടു് ഈ ഭേദഗതി അംഗീകരിക്കണം.

ശ്രീ. കെ. ഐ. വേലായുധൻ : സർ, ഇതുപോലെ മൈനർ ഇറിഗേഷനെ സംബന്ധിച്ചും പറയുന്നുണ്ടു്. അദ്ദേഹത്തിനു യാതൊരാശങ്കയ്ക്കും വകയില്ല. ക്ലാസ് 25 വായിച്ചുനോക്കുകയാണെങ്കിൽ അതിൽ പ്രത്യേകം വ്യവസ്ഥ കാണിച്ചിട്ടുണ്ടു്.

"If in the opinion of the Government the enforcement of all or any of the provisions of this Part will cause hardship in any case or cases, the Government may by notification, setting out the grounds therefor, exempt either permanently or for a specified period, such case or cases from all or any of the provisions of this Part, subject to such conditions, if any, as the Government may deem fit to impose."

അതുകൊണ്ടു് അദ്ദേഹത്തിനുണ്ടാകുന്ന ആശങ്കയ്ക്കു് കാരണമില്ല. ഇതുമൂലം ബെറർമെൻറ ലെവി ഈടാക്കാനാണുദ്ദേശിക്കുന്നതു്. അതുകൊണ്ടു് അദ്ദേഹത്തിൻെറ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

The amendment was put and lost.

The question that Clause 17 stands part of the Bill was put and carried.

Clause 17 was added to the Bill.

Clause 18.

SHRI P. R. MADHAVAN PILLAI : Sir, I move—

In clause 18, sub-clause (3), for the words 'one-fourth of the sum' in lines 3 and 4, substitute "one-tenth of the sum".

ബെറർമെൻറ ലെവിയിനത്തിൽത്തന്നെ ഗവണ്മെൻറിലേക്കു ലഭിക്കുവാനുള്ള തുക ഈടാക്കുന്നതിനു് വേണ്ടിയാണു് ഈ വ്യവസ്ഥ വച്ചിട്ടുള്ളതെന്നു വിശ്വസിക്കുന്നവനാണു് ഞാൻ. അതു കൊടുക്കേണ്ടതുമാണു്. എന്നാൽ ഈ മേജർ ഇറിഗേഷൻ മൂലം പ്രയോജനം ലഭിക്കുന്നില്ലെങ്കിൽ അതു ഈടാക്കുന്നതു ശരിയല്ല. ഈ ബില്ലിൽ കാണുന്ന വ്യവസ്ഥ അനുസരിച്ചു് ഈ തുക ഈടാക്കുകയാണെങ്കിൽ ഇന്നത്തെ കർഷകർക്കു് അവരുടെ കണക്കിൽ കുറെ കൂടുതലാണു്. അതുകൊണ്ടു് ഈ റേറു് ഒന്നു

LIBRARY ARCHIVES Kerala Legislative Assembly

കുറയ്ക്കണം എന്ന മാത്രമാണ് ഞാൻ ആവശ്യപ്പെടുന്നത്. ഇതൊരാവശ്യമാണ്. അതു സാദ്ധ്യമല്ലാ എന്നും അതു് അംഗീകരിക്കയില്ലാ എന്നുമുള്ള മനോഭാവം കൂടിയുള്ളതായി ഞാൻ മനസ്സിലാക്കുന്നു. ഏതായാലും ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുകയാണ്. ഈ ബില്ലിൽ പറഞ്ഞിരിക്കുന്നതുപോലെ നാലിലൊന്നു് എന്നുള്ളതു പത്തിലൊന്നു് എന്നാക്കണം.

ശ്രീ. കെ. ഐ. വേലായുധൻ: അതു് അംഗീകരിക്കുവാൻ നിവൃത്തിയില്ല. ഈ ക്യാപ്പിറ്റൽ വാല്യൂ ഇരുപതിരട്ടിയായിട്ടാണ് കണക്കാക്കിയിരിക്കുന്നതു്. അതിന്റെ നാലിലൊന്നാണ് ഈടാക്കുന്നതു്. മാത്രമല്ല ഇതു കർഷകൻ അറിയാതെ ലഭിക്കുന്ന ലാഭവുമാണ്. മദ്രാസിലാണെങ്കിൽ അതിന്റെ പകുതി ഈടാക്കുന്നുണ്ടു്. ഇവിടെ നാലിലൊന്നു മാത്രമേയുള്ളൂ. അതുകൊണ്ടു ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. പി. ആർ. മാധവൻപിള്ള: അറിയാതെ ഉണ്ടാകുന്ന ലാഭം മറ്റൊരാൾക്കു പിടിച്ചെടുക്കാൻ പാടില്ല. ഇന്നത്തെ കഴിവിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പറഞ്ഞതു്. അതുകൊണ്ടു് ഈ ഭേദഗതി അംഗീകരിക്കണം.

The amendment was put and lost.

The question that clause 18 stands part of the Bill was put and carried.

Clause 18 was added to the Bill.

Clauses 19 to 26.

The question that clauses 19 to 26 stand part of the Bill was put and carried.

Clauses 19 to 26 were added to the Bill.

Clause 27.

SHRI P. R. MADHAVAN PILLAI: Sir, I move—

Omit clause 27 and renumber.

ഈ ക്ലാസ്സ് എടുത്തുകളയണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഗവണ്മെന്റ് ഇതിനുത്തരവാദി ആകുകയില്ല എന്നുപറയുന്നുണ്ടു്. എന്തു നാശംസംഭവിച്ചാലും ഗവണ്മെന്റ് ഉത്തരവാദിയാകുകയില്ല. ഉദാഹരണങ്ങൾ പത്തിരുനൂറെണ്ണം എടുത്തുകാണിക്കുവാനുണ്ടു്. ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരുടെ കൊള്ളരുതായ്മകൊണ്ടു നാലുവർഷം അഞ്ചുവർഷം പിടിഞ്ഞാറെക്കല്ലടയിൽ ഉണ്ടായ നഷ്ടം ചില്ലറയൊന്നുമല്ല. ഒന്നരലക്ഷവും രണ്ടുലക്ഷവും രൂപ ചെലവാക്കി ഇറിഗേഷൻ വക്കുകൾ നടത്തിയിട്ടും യാതൊരുപ്രയോജനവും ലഭിക്കാത്തിടത്തു് ബെറ്റർമെന്റ് ലവിയും വാട്ടർ സെസ്സും കൊടുക്കണം. എന്നാൽ ആ പദ്ധതികൊണ്ടു് പ്രയോജനമില്ലെങ്കിലും അതിനു ഗവണ്മെന്റുത്തരവാദിയല്ല. അങ്ങനെയല്ലാതെ ഗവണ്മെന്റിനും ഉത്തരവാദിത്വം ഉണ്ടെന്നു ബോദ്ധ്യപ്പെടുത്താൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ആർ. മാധവൻപിള്ള]

വേണ്ടിയാണ ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഗവണ്മെന്റ ഉദ്യോഗസ്ഥന്മാരുടെ അശ്രദ്ധ അറിഞ്ഞ് അറിഞ്ഞ അനാസ്ഥകൊണ്ട ലക്ഷക്കണക്കിന ശ്രീ കർഷകന് നഷ്ടം ഉണ്ടായിട്ടുണ്ട്. അതിന ഗവണ്മെന്റിന ഉത്തരവാദിത്വം ഇല്ലായെന്ന പറയുകയാണെങ്കിൽ.....

SHRI P. S. NATARAJA PILLAI: I would like to make one or two observations on this matter.

Even without this clause the Government may not be liable if the loss is occasioned by clauses beyond the control of Government. So, where is the objection in omitting this clause? Why should we create an impression that Government will not be liable even if the loss is caused by wilful negligence of Government. If the stoppage of water is occasioned by causes beyond the control of Government, no Court is going to award a damage for that. A plea put up by Government that the occurrence was due to circumstances beyond the control of Government will be a valid plea. Therefore, why should this non-liability provision be made in the Act? Why not it be omitted?

ശ്രീ. കെ. ഐ. വേലായുധൻ: ഗവണ്മെന്റിന്റെ നിലപാട് കുറെക്കൂടി വ്യക്തമാക്കാൻവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു വ്യവസ്ഥയാണിത്. ഇതുകൊണ്ട് വലിയ ആശങ്കയ്ക്ക വകയില്ല. ഏതെങ്കിലും വിധത്തിലുള്ള വിഷമത്തിം ഉണ്ടാകുന്നപക്ഷം അതിന ഒരു പ്രൊവിഷൻ ക്ലാസ് 25-ൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. പി. ആർ. മാധവൻപിള്ള: ഞാൻ ഈ ഭേദഗതിയെ പ്രസ്സ് ചെയ്യുകയാണ്.

The amendment was put and lost.

The question that Clause 27 stands part of the Bill was put and carried.

Clause 27 was added to the Bill.

Clauses 28 to 32.

The question that Clauses 28 to 32 stand part of the Bill was put and carried.

Clauses 28 to 32 were added to the Bill.

Clause 33.

SHRI A. A. D. LUIZ: Sir, I move the following amendment to Clause 33.

LIBRARY ARCHIVES Kerala Legislative Assembly

"In clause 33, sub-clause (6), omit the words 'one month' and insert the words 'three months' and omit the words 'fifty rupees' and insert the words 'hundred rupees'."

Sir, this amendment does not need any explanation. It is just a direct suggestion to enhance the punishment for an offender. I have just done it to indicate to the House that irrigation schemes are playing an important role in the Society of today and a dislocation would have far reaching consequences. We have a good share of the 188 irrigation projects described in the Second Five Year Plan. Sir, a small dislocation caused by an individual, would destroy an entire crop and thus cause losses which we are not competent to sustain. If the supply of water is cut off even for a period as small as six hours, or if the arrangements required to retain the water in a particular area is dislocated or tampered with, the amount of loss caused to the agriculturists and in an indirect way to the society is something that we cannot measure. Sir, we are now stepping into an age when we can get the benefits of agriculture only through conservation of water.

Let us be alive to the fact that we are living in an age when crime and mischief are on the increase in every venue of human existence. The act prescribes a maximum of a month and the courts usually will only order something much lower. I would invite the attention of the hon. Minister to the serious situation that can be created by a person tampering with irrigation works-be alive to the fact that a connected social dislocation is quite possible.

SHRI C. K. RAMACHANDRAN NAIR : Sir, I oppose the amendment moved by the hon. Member. He wants to make the penal provision much harder. For one month's imprisonment he wants 3 months and for Rs. 50 he wants to enhance it to Rs. 100. However important to the State its irrigational works are we cannot provide capital punishment for the offences enumerated in the provision.

ശ്രീ. കെ. ഐ. വേലായുധൻ : ഭേദഗതിയെ എതിർക്കുന്നു. ഈ ബില്ലിലെ വ്യവസ്ഥകൾക്കെതിരായി ആരെങ്കിലും പ്രവർത്തിക്കുകയാണെങ്കിൽ ഒരുമാസം തടവോ 50 രൂപ പിഴയോ ആണ് നിശ്ചയിച്ചിരിക്കുന്നത്. ശ്രീ. ലൂയിസിന്റെ ഭേദഗതിയിൽ ആവശ്യപ്പെട്ടതു് ഒരു മാസം തടവ് എന്നുള്ളതിനു് മൂന്നുമാസമെന്നും 50 രൂപ പിഴയെന്നുള്ളതിനു 100 രൂപയെന്നും ആക്കണമെന്നാണ്. ഇതുപോലും ഗൗരവമായ ശിക്ഷയുടെ ആവശ്യമുണ്ടെന്നു് ഗവണ്മെന്റ് വിചാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

The amendment was, by leave, withdrawn.

The question that Clause 33 stands part of the Bill was put and carried.

Clause 33 was added to the Bill.

Clauses 34 and 35.

The question that Clauses 34 and 35 stand part of the Bill was put and carried.

Clauses 34 and 35 were added to the Bill.

Clause 36.

SHRI P. RAVINDRAN : Sir, I move :

Delete the words "any person in charge of an irrigation work or of the distribution of water from such work" and substitute the words 'irrigation officer'

ഒരു പ്യൂണെ വാറണ്ടുകൂടാതെ അറസ്റ്റ് ചെയ്യുന്നതിനും കസ്റ്റഡിയിൽ വയ്ക്കുന്നതിനും ആക്ട് അധികാരം കൊടുക്കുന്നതു് ശരിയല്ല. അതുകൊണ്ടാണു് ഈ അമൻഡുമെൻറ് ഞാൻ അവതരിപ്പിക്കുന്നതു്. ഇറിഗേഷൻ വർക്കിൻറെ ചാർജ്ജുള്ള ആളിൻറെ ട്രഷ്ടിയിൽ ഒരാൾ കുറ്റം ചെയ്യുന്നു എന്നു കണ്ടാൽ ആ ആളിനെ വാറണ്ടുകൂടാതെ അറസ്റ്റ് ചെയ്യാമെന്നാണു് ബില്ലിൽ പറയുന്നതു്. ആ ഉദ്യോഗസ്ഥനു് ആരോടെങ്കിലും വിരോധമുണ്ടെങ്കിൽ വെള്ളം ഒഴുകുന്നതിനെ തടസ്സപ്പെടുത്തി എന്നു പറഞ്ഞു് അറസ്റ്റ് ചെയ്യുന്നതിനുള്ള അധികാരം ഈ വകുപ്പു കൊടുക്കുന്നുണ്ടു്. അതുകൊണ്ടു് ആക്ടെങ്കിലും അതിനുള്ള അധികാരം കൊടുക്കാതെ ഇറിഗേഷൻ ആഫീസർക്കുമാത്രം കൊടുക്കണം. അത്തരത്തിൽ ക്ലാസ്സു് തിരുത്തേണ്ടതാണു്. ഈ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. ഐ. വേലായുധൻ : ഭേദഗതിയോടു് യോജിക്കാൻ നിവൃത്തിയില്ല. ഇറിഗേഷൻവർക്കിൽ ചാർജ്ജുള്ള ആരായാലും അവർക്കാണു് അധികാരം കൊടുത്തിട്ടുള്ളതു്. ഭേദഗതിയിൽ പറയുന്നതുപോലെ ഇറിഗേഷൻ ആഫീസർ എന്നുവച്ചാൽ ആ ആഫീസരുടെ സമ്മതം വാങ്ങിക്കാനൊക്കെ സമയം ചിലവാക്കിയാൽ അതിനിടയ്ക്കു തന്നെ പ്രതി മുഴുവൻ നശിപ്പിക്കാൻകഴിയും. മാത്രമല്ല, പ്രത്യേക കാരണങ്ങളിന്മേൽ മാത്രമേ അറസ്റ്റ് ചെയ്യാൻ പാടുള്ളുവെന്നും വ്യവസ്ഥചെയ്തിട്ടുണ്ടു്. കുറ്റം കണ്ടുപിടിക്കുന്ന ആൾക്കു് ഉടൻ അറസ്റ്റ് ചെയ്യാൻ അധികാരം കൊടുത്തില്ലെങ്കിൽ കുറ്റത്തെ തടയാൻ സാധിക്കയില്ല. ഇറിഗേഷൻ ആഫീസറെ കണ്ടുപിടിച്ചു് അനുവാദംവാങ്ങി കുറ്റവാളിയെ അറസ്റ്റ് ചെയ്യണമെന്നു പറയുന്നതു് പ്രായോഗികമല്ല. ആ നിലയിൽ ഇപ്പോൾ ഇരിക്കുന്ന ക്ലാസ്സ് മാറ്റാൻ നിവൃത്തിയില്ല.

SHRI N. NARAYANA KURUP : May I know whether any officer in charge of the work will mean that any peon will have the power to make an arrest?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. വേലായുധൻ : ഇറിഗേഷൻവക്കിന്റെ ചാർജ്ജുള്ള ചിലതെ വയ്ക്കും. അവക്കാണ് അധികാരമുണ്ടായിരിക്കുന്നത്.

The amendment was by leave withdrawn.

The question that Clause 36 stand part of the Bill was put and carried.

Clause 36 was added to the Bill.

Clauses 37 to 45

The question that Clauses 37 to 45 stand part of the Bill was put and carried.

Clauses 37 to 45 were added to the Bill.

Clause 1

The question that Clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title

The question that the Preamble and the Title stand part of the Bill was put and carried.

The Preamble and the Title were added to the Bill.

ശ്രീ. കെ. ഐ. വേലായുധൻ : മൂന്നാംവായനയ്ക്ക് ഞാൻ ഇപ്പോൾ മൂവ് ചെയ്യുന്നില്ല. ഇതിൽ ചില ഓർബൽ ചേഞ്ചസ് കൂടി വരുത്തുവാനുണ്ട്.

The Travancore-Cochin Compensation for Tenants Improvements Bill

Home Minister (SHRI A. J. JOHN) : Sir, I move that the Travancore-Cochin Compensation for Tenants Improvements Bill, as reported by the Select Committee be taken up for consideration

SHRI A. A. RAHIM : I second it

ശ്രീ. എ. ജെ. ജോൺ : സർ, സെലക്ഠകമ്മിറ്റി നാലഞ്ചുകൂട്ടുകളാണ് ഭേദഗതി ചെയ്തിട്ടുള്ളത്. ക്ലാസ് അഞ്ചിനെ സംബന്ധിച്ചിടത്തോളം കടിഞ്ഞ്കയുള്ളതായ പാട്ടവും മറ്റും ഭേഗണ്ഡവിലയിൽ തട്ടിക്കഴിക്കാമെന്നാണ് ഒറിജിനൽ ബില്ലിൽ ഉണ്ടായിരുന്ന വ്യവസ്ഥ. എന്നാൽ സെലക്ഠകമ്മിറ്റി പര്യാലോചിച്ചശേഷം നിയമപ്രകാരം ഈടാക്കേ

LIBRARY ARCHIVES Kerala Legislative Assembly